**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **21-06-2024 - ൽ മറുപടിയ്ക്ക്**

**മഴയിലും കാറ്റിലുമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2024 മെയ് മാസം 10 മുതൽ ജൂൺ 3 വരെ ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2024 മെയ് മാസം 10 മുതൽ ജൂൺ 3 വരെ ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിലുണ്ടായ മഴയിലും കാറ്റിലും സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടുവെന്നും പൂർണ്ണമായും ഭാഗികമായും എത്ര വീടുകൾക്ക് നാശനഷ്ടം സംഭവിച്ചുവെന്നും എന്തൊക്കെ സഹായങ്ങളാണ് ഇവരുടെ കുടുംബങ്ങൾക്ക് നല്കിയാതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത കാലയളവിലുണ്ടായ മഴയിലും കാറ്റിലും സംസ്ഥാനത്ത് മരണപ്പെട്ടവരുടെയും, പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച വീടുകളുടെയും ജില്ല തിരിച്ചുള്ള വിവരം, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>മരണപ്പെട്ടവരുടെ ആശ്രിതർക്കും നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം-1</u>

| **ജില്ല** | **നാശനഷ്ടങ്ങളുടെ വിവരണം** |
|---|---|
| തിരുവനന്തപുരം | 6580 കർഷകർക്കും, മൃഗസംരക്ഷണ മേഖലയിൽ കോഴികർഷകർക്ക് 5300 കോഴിക്കുഞ്ഞുങ്ങളും, 3 ആട്ടിൻകുട്ടികളും നഷ്ടപ്പെട്ടു. 4 കാലിത്തൊഴുത്തുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇടിമിന്നലേറ്റ് 3 കന്നുകാലികൾ നഷ്ടപ്പെട്ടു. |
| കൊല്ലം | 216.97 ഹെക്ടർ ഭൂമിയിൽ ആകെ 3,86,00,000/- രൂപയുടെ കൃഷിനാശം സംഭവിച്ചു,<br>വൈദ്യുതി മേഖലയിൽ 11,95,40,00/- രൂപയുടെ നഷ്ടം സംഭവിച്ചു. |
| പത്തനംതിട്ട | 73.77 ഹെക്ടർ സ്ഥലത്ത് 2.0458 കോടിയുടെ കൃഷിനാശം സംഭവിച്ചു. |
| ആലപ്പുഴ | 7443.28 ഹെക്ടർ ഭൂമിയിൽ 7023.16 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു.<br>55 മൽസ്യകർഷകർക്കായി 1,37,08,250/- രൂപയുടെ നഷ്ടം സംഭവിച്ചു. മൽസ്യബന്ധന യാനങ്ങൾക്ക് 39,89,000/- രൂപയുടെ നാശനഷ്ടം സംഭവിച്ചു.<br>വൈദ്യുതി മേഖലയിൽ 25,60,000/- രൂപയുടെ നഷ്ടം സംഭവിച്ചു. |
| ഇടുക്കി | 23.34 ഹെക്ടറിലായി 1,23,31,400/- രൂപയുടെ കൃഷിനാശം സംഭവിച്ചു. പൊതുമരാമത്ത് മേഖലയിൽ 25,00,000/- രൂപയുടെ നാശനഷ്ടവും<br>വൈദ്യുതി മേഖലയിൽ 45.10 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചു. |
| എറണാകുളം | 1220.91 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചു. |
| പാലക്കാട് | 8.48 ഹെക്ടർ കൃഷിഭൂമി നശിച്ചിട്ടുണ്ട്. |
| മലപ്പുറം | കൃഷിയുമായി ബന്ധപ്പെട്ട് 6,12,35,880/- രൂപയുടെ നാശനഷ്ടം സംഭവിച്ചു |
| കണ്ണൂർ | വൈദ്യുതി മേഖലയിൽ 528.88 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായി. 154.34 ഹെക്ടർ കൃഷി സ്ഥലത്ത് 7.38 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചു. 2 കാലിത്തൊഴുത്തുകൾക്ക് നാശനഷ്ടം സംഭവിച്ചു, 3 പശുക്കൾ ഇടിമിന്നലേറ്റ് മരണപ്പെട്ടു. |
| കാസർഗോഡ് | 8,54,000/- രൂപയുടെ നാശനഷ്ടമുണ്ടായി |

## അനുബന്ധം-2

| ജില്ല | മരണപ്പെട്ടവരുടെ എണ്ണം | പൂർണ്ണ ഭവന നാശം സംഭവിച്ചവയുടെ എണ്ണം | ഭാഗിക ഭവനനാശം സംഭവിച്ചവയുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 1 | 7 | 148 |
| കൊല്ലം | 3 | 17 | 171 |
| പത്തനംതിട്ട | 0 | 1 | 42 |
| ആലപ്പുഴ | 6 | 8 | 218 |
| കോട്ടയം | 1 | 2 | 103 |
| ഇടുക്കി | 0 | 3 | 7 |
| എറണാകുളം | 1 | 2 | 45 |
| തൃശ്ശൂർ | 7 | 16 | 117 |
| പാലക്കാട് | 4 | 8 | 37 |
| മലപ്പുറം | 1 | 0 | 61 |
| കോഴിക്കോട് | 2 | 3 | 89 |
| വയനാട് | 0 | 0 | 3 |
| കണ്ണൂർ | 0 | 2 | 57 |
| കാസർഗോഡ് | 3 | 3 | 76 |